

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.7/1078/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 05/09/2024
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ **2023-2024** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ /സി.7/1078/2024 തീയ്യതി: 05/09/2024

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-11-2023 മുതൽ 20-06-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-06-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സി.വി.ജ്യോതിഷ് കുമാർ	ഡെപ്യൂട്ടി ഡയറക്ടർ	21-06-2024	29-06-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-06-2024	29-06-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ. എം, ഓഡിറ്റ് ഓഫീസർ (28-06-2024വരെ)
ശ്രീ. ഷിജു. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. മനോജ് കുമാർ ടി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (28-06-2024വരെ)
ശ്രീമതി. അന്ന അബ്രഹാം, ഓഡിറ്റർ (ഹയർ ഗ്രേഡ്)
ശ്രീ. ദേവാനന്ദ്. ഇ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. സുശീല. എ. വി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. പ്രീജിത്ത്. എൻ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. മിനി. കെ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	14-08-2023
ശ്രീ. ടി. ദിവാകരൻ	അസിസ്റ്റന്റ് സെക്രട്ടറി	15-08-2023	31-03-2024
ശ്രീ. ശ്രീരാഗ്. എം.പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	27-08-2023
ശ്രീമതി. ശില്പ. കെ.പി	അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്	02-09-2023	18-09-2023
ശ്രീമതി. സാവിത്രി. കെ.എം	അസിസ്റ്റന്റ് എഞ്ചിനീയർ	19-09-2023	31-03-2024
ശ്രീ. ആദർശ്. കെ	കൃഷി ഓഫീസർ	01-04-2023	31-03-2024
ഡോ. അനീഷ് ബാബു. ടി	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	01-04-2023	31-03-2024
ഡോ. രശ്മിത. കെ.എം	മെഡിക്കൽ ഓഫീസർ ആയുർവ്വേദം	01-04-2023	31-03-2024
ഡോ. അനിൽ കുമാർ. ഇ	സീനിയർ വെറ്റിനറി സർജ്ജൻ	01-04-2023	31-03-2024
ശ്രീമതി. ബോബി.	ക്ഷീര വികസന ഓഫീസർ	01-04-2023	31-03-2024

ആർ.എസ്			
ശ്രീമതി . ഗീത. പി.ടി	ഹെഡ് മിസ്ട്രസ്	01-04-2023	31-03-2024
ശ്രീമതി. റംല കാക്കുമ്പ്രത്ത്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
ശ്രീ. അരുൺ സുരേഷ്	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി. കവിത. കെ.കെ	വി.ഇ.ഒ, പാപ്പിനിശ്ശേരി വെസ്റ്റ്	01-04-2023	31-03-2024
ശ്രീമതി. സീമ. ഡി	വി.ഇ.ഒ,പാപ്പിനിശ്ശേരി ഈസ്റ്റ്	01-04-2023	31-03-2024

28-08-2023 മുതൽ 01-09-2023 വരെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക ഒഴിവ്

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സാക്ഷ്യ പത്രം	1-1
2	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിൽ അപാകം.	1-1-2
4	താരതമ്യ രേഖകൾ രേഖപ്പെടുത്തിയിട്ടില്ല.	1-1-3
5	ബി-18- ഷെഡ്യൂൾ അപൂർണ്ണം	1-1-4
6	അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.	1-1-5
7	ലോൺ പലിശ തുക ബി 5 ഷെഡ്യൂളിൽ ഉൾപ്പെടുത്തി	1-1-6
8	ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിൽ വ്യത്യാസം	1-1-7
9	ബജറ്റ്	1-2
10	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
11	ഫണ്ട് വിനിയോഗം	1-4
12	പദ്ധതി അവലോകനം	1-5
13	തൊഴിലുറപ്പ് പദ്ധതി	1-6
14	ക്ഷേമ പദ്ധതികൾ	1-7
15	ക്യാഷ് പരിശോധന	1-8
16	ആഭ്യന്തരനിയന്ത്രണം	1-9
17	ഗ്രാമസഭ	1-10
18	ബഹുനില വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി - തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് നികുതി നിർണ്ണയത്തിൽ ഉൾപ്പെടുന്നില്ല - സാങ്കേതിക പിഴവ് ഐ.കെ.എം ന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.	1-11
19	ഐ.കെ.എം. വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ₹ 1,14,895 യുടെ ചെലവ് തടസപ്പെടുത്തുന്നു.	1-12
20	എ.ബി.സി. പദ്ധതി വിശദാംശങ്ങൾ ലഭ്യമല്ല. ₹137144 യുടെ ചെലവ് തടസപ്പെടുത്തുന്നു.	1-13
21	തെരുവുവിളക്കുകൾക്കാവശ്യമായ ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹680602 യുടെ ചെലവ്	1-14

	തടസപ്പെടുത്തുന്നു	
22	വാഹന ഉപയോഗം- അപാകങ്ങൾ.	1-15
23	ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം	1-16
24	അംഗനവാടി നഴ്സറി കലോത്സവം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.41550 രൂപ തടസ്സപ്പെടുത്തുന്നു	1-17
25	മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തയും-ഗുണഭോക്താവിന് അർഹമായ തുക ലഭ്യമായിട്ടില്ല.	1-18
26	പെയിൻ&പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല-₹94391യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-19
27	കോവിഡ് പ്രതിരോധ പരിരക്ഷ-മെഡിക്കൽ ഉപകരണങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല	1-20
28	ലൈഫ് ഭവനനിർമ്മാണം-മുൻകൂർ തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.	1-21
29	അസി. എഞ്ചിനീയറുടെ കാര്യാലയത്തിലേക്കു വാഹനം വാടകക്ക് എടുക്കൽ അപാകതകൾ	1-22
30	നീക്കം ചെയ്യുന്ന വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ	1-23
31	കരാർ വ്യവസ്ഥകൾ, പ്രവർത്തി ദീർഘിപ്പിക്കൽ - അപാകതകൾ	1-24
32	ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്.	1-25
33	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ സേനയിലൂടെ	1-26
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6

7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	RECEIPT & PAYMENT STATEMENT	
4	INCOME & EXPENDITURE STATEMENT	
5	BALANCE SHEET	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സാക്ഷ്യ പത്രം

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 29.05.2024 തീയ്യതിയിലെ 1ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 1-06-2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 31-03- 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

കണ്ണൂർ,

തീയ്യതി- 05-09-2024

1-1-1 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. -

പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ 2022-23ന് ശേഷം കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ എത്രയും വേഗം കാലികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് ഓഡിറ്റ് എൻകവയറിക്കുള്ള (എൻകവയറി നമ്പർ-13/26-06-2024) മറുപടിയിൽ പഞ്ചായത്ത് അറിയിച്ചത്.

1-1-2 ക്യാഷ് ഫ്ലോ പത്രികയിൽ അപാകം.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹8519045യാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-33994498 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണ്. പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിൽ രണ്ട് തുകകളും വ്യത്യാസപ്പെട്ടിരിക്കുന്നു.

1-1-3 താരതമ്യ രേഖകൾ രേഖപ്പെടുത്തിയിട്ടില്ല. -

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പാപ്പിനിശ്ശേരി പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

1-1-4 ബി-18- ഷെഡ്യൂൾ അപൂർണ്ണം

2023-24 വർഷം പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "തെരുവ് വിളക്കുകൾക്കാവശ്യമായ ലൈൻ വലിക്കൽ" എന്ന പ്രോജക്ടിന്റെ നിർവഹണത്തിനായി ₹680602 കെ.എസ്.ഇ.ബി. പാപ്പിനിശ്ശേരി ഇലക്ട്രിക്കൽ സെക്ഷന് കൈമാറിയിട്ടുണ്ട്. ഈ തുകയ്ക്ക് ഇതേ വരെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല. എന്നാൽ ഈ തുക അഡ്വാൻസായി നിലനിർത്താതെ ആസ്തി ഹെഡ്ഡിൽ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ വർഷം ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ് പഞ്ചായത്ത് മറുപടി നൽകിയത്.

1-1-5 അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. -

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-6 ലോൺ പലിശ തുക ബി 5 ഷെഡ്യൂളിൽ ഉൾപ്പെടുത്തി

ബാങ്കിൽ നിക്ഷേപിച്ച ലൈഫ് ലോൺ തുകക്ക് ലഭിച്ച പലിശ തുകയായ 5612 രൂപ കൂടി തിരിച്ചടയ്ക്കേണ്ട തുകയായി കണക്കാക്കി ബി5ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പലിശ തുക ബാധ്യതയായി കണക്കാക്കി ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് മാറ്റേണ്ടതാണ്.

1-1-7 ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയിൽ വ്യത്യാസം

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും എയിംസ് സോഫ്റ്റ്വെയറിൽ ഇ സബ്മിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയും തമ്മിൽ വ്യത്യാസമുണ്ട്. ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയുടെ ഹാർഡ് കോപ്പി, ഐ.എൽ.ജി.എം.എസ്. എന്നിവയാണ് പരിശോധനക്ക് അടിസ്ഥാനമാക്കിയത്.

1-2 ബജറ്റ്

പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തെ ബജറ്റ് 27.03.2023 തീയതിയിലെ 57/2023 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 12.02.2024 ലെ 19/2024 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

	ബജറ്റ് പ്രകാരം	പുതുക്കിയ ബജറ്റ് പ്രകാരം
മുന്നിരിപ്പ്	32866562	58950522
വരവ്	196670500	214334311
ആകെ	229537062	273284833
ചെലവ്	179901355	248964170
നീക്കിയിരിപ്പ്	49635707	24320663

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) .

മുന്നിരിപ്പ്	45767009
വരവ്	64033343
ആകെ	109800352
ചെലവ്	55514298
നീക്കിയിരിപ്പ്	54286054
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളിലെ നഷ്ടം	ഇല്ല

തടസ്സപ്പെടുത്തിയ തുക	1068582

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട് ജനറൽ	-	27802000	27802000	22709573	5092427
വികസന ഫണ്ട് (എസ്.സി.പി.)	-	6646000	6646000	5199041	1446959
മെയിന്റനൻസ് ഗ്രാന്റ് റോഡ്	-	6416650	6416650	2905090	3511560
മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്	-	3589400	3589400	2100224	1489176
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് അൺ ടൈഡ്	155671	4604000 + 42358 (പലിശ)= 4646358	4802029	3379605	1422424
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ്	1584460	3453000	5037460	3652870	1384590
അവാർഡ് & ഹോണേഴ്സ്	2005576	-	2005576	-	2005576
നാഷണൽ റൂറൽ ഹെൽത്ത് മിഷൻ	42466	-	42466	-	42466
എസ്.എസ്.എ	35385	-	35385	-	35385
ഐ.സി.ഡി.എസ്	1188245	2134477	3322722	956508	2366214
ടോട്ടൽ സാനിറ്റേഷൻ	856280	23065	879345	266238	613107

ലൈബ്രറി ഗ്രാന്റ്	22850	41200	64050	35616	28434
ലൈഫ് സംസ്ഥാന സർക്കാർ വിഹിതം	600000	3600000	4200000	4100000	100000
പി.എൻ പണിക്കർ ഫൌണ്ടേഷൻ	100000	-	100000	-	100000
ബെസ്റ്റ് പഞ്ചായത്ത് അവാർഡ് സ്റ്റേറ്റ്	3839783	-	3839783	1413939	2425844
മുനിസിപ്പൽ കോർപ്പറേഷൻ ഫണ്ട് (നഗരസഞ്ചയ)	4438	-	4438	-	4438
ബഡ്സ് സ്കൂൾ വിദ്യാഭ്യാസ ഗ്രാന്റ്	1069250	459542	1528792	602300	926492
സാക്ഷരത	22968	633	23601	-	23601
അദർ ഗ്രാന്റ്സ് ഫണ്ട്സ് കോൺട്രിബ്യൂഷൻസ്	1,30,432	-	1,30,432	-	1,30,432
വാതിൽപ്പടി സേവനം - പ്രവർത്തകരെ ആദരിക്കാനായി ലഭിച്ച ഗ്രാന്റ്	10,000	-	10,000	-	10,000
ഹെൽത്ത് ഗ്രാന്റ് ആയുഷ്മാൻ	500000	-	500000	253298	246702

പദ്ധതി					
ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാ സ്ട്രക്ചർ	87757	1116356	1204113	314659	889454
ഹെൽത്ത് ഗ്രാന്റ് കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി ടു വെൽനസ് സെന്റേഴ്സ്	104266	456986	561252	119938	441314
കണ്ണൂർ കോർപ്പറേഷൻ വിഹിതം	-	15000	15000	13200	1800
ബഡ്സ് സ്കൂളിനു വേണഅടിയുള്ള കുടുംബശ്രീ ഗ്രാന്റ്	-	141824	141824	-	141824
സ്വച്ഛ ഭാരത അഭിയാൻ	-	240000	240000	240000	-

സാക്ഷ്യപ്പെടുത്തിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് സമർപ്പിച്ചിട്ടില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
211	146829240	149	72040630	14	62	135	64

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	11	10	5451730	4041481	74.13
വെറ്റിനറി സർജ്ജൻ	6	4	2851900	690950	24.22
മെഡിക്കൽ ഓഫീസർ, ആയുർവേദം	2	2	800000	637142	79.64
വി.ഇ.ഒ പാപ്പിനിശ്ശേരി വെസ്റ്റ് സർക്കിൾ	13	13	52756605	28238251	53.52
വി.ഇ.ഒ പാപ്പിനിശ്ശേരി ഈസ്റ്റ് സർക്കിൾ	17	17	8775034	6628257	75.53
ഐ.സി.ഡി.എസ് സൂപ്പർവൈസർ	18	13	10797297	4198706	38.88
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	760000	488394	64.26
സെക്രട്ടറി	57	29	20882713	7340469	35.15
ഹെഡ് മാസ്റ്റർ	14	7	5866618	956870	16.31
അസിസ്റ്റന്റ് എഞ്ചിനീയർ	59	43	31937596	14965084	46.85
മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	9	7	3290623	1460492	44.38
അസിസ്റ്റന്റ്	4	3	2659124	2394534	90.04

സെക്രട്ടറി					
ആകെ	211	149	146829240	72040630	49.06

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	ബാക്കി
ഭരണ ചെലവ്	297480	351784	649264	649264	0
തൊഴിൽക്കൂലി + മെറ്റീരിയൽ	-	16247209	16247209	16247209	0
ആകെ	297480	16598993	16896473	16896473	0

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	2802600	209
വിധവാപെൻഷൻ	14742700	1221
വാർദ്ധക്യകാലപെൻഷൻ	38705000	3239
ഭിന്നശേഷി പെൻഷൻ	4547600	362
അവിവാഹിത പെൻഷൻ	1762600	147
വിവാഹ ധനസഹായം	240000	8

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25-06-2024 തീയതിയിൽ 2.35 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 72179 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലും 2023-24 വർഷം 4 തവണ വീതം ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുണ്ട്. 2023-24 വാർഷിക പദ്ധതി അവലോകനം, 2023-24 വാർഷിക പദ്ധതി ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, മാലിന്യമുക്ത പഞ്ചായത്ത്, വിവിധ സാമൂഹ്യ സുരക്ഷാപെൻഷനുകളുടെ ഗുണഭോക്താക്കളെ അംഗീകരിക്കൽ, വസ്തുനികുതി പരിഷ്കരണം, എം.ജി.എൻ.ആർ.ഇ.ജി.എസ് ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, 2023-24 വാർഷിക പദ്ധതി നിർദേശങ്ങൾ ചർച്ച ചെയ്യൽ തുടങ്ങിയവ അജണ്ടയിൽ ഉൾപ്പെടുത്തുകയും, മിനുട്സിൽ നിർദ്ദേശങ്ങളും തീരുമാനങ്ങളും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

1-11 ബഹുനില വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി - തറ നിർമിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് നികുതി നിർണ്ണയത്തിൽ ഉൾപ്പെടുന്നില്ല - സാങ്കേതിക പിഴവ് ഐ.കെ.എം ന്റെ ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

ആയതു പ്രകാരം 100-500 വരെ/500 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/500 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിച്ചാണ് ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ഈടാക്കിവരുന്നത്. 2023-24
New Building Register, സഞ്ചയ സോഫ്റ്റ്വെയർ എന്നിവ പരിശോധിച്ചതിൽ നിന്നും 250 ച.മീറ്ററിന് മുകളിൽ വരുന്ന തറനിർമ്മിതി മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവകൊണ്ടുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ അവയെ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് വസ്തുനികുതി ഈടാക്കിയപ്പോൾ അത്തരം തറനിർമ്മിതിക്ക് 15% വർദ്ധനവ് ഈടാക്കേണ്ടതായിരുന്നു. മേൽത്തരം

തറനിർമ്മിതിയുള്ള 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് കൂടി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഫോം 6 ൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളുടെ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് നികുതി നിർണ്ണയത്തിന് പരിഗണിച്ചിട്ടില്ല. ഉദാഹരണം ചുവടെ ചേർക്കുന്നു.

New Building Register ലെ ക്രമ നം.	കെട്ടിട ഉടമയുടെ പേര്	വാർഡ് നമ്പർ/ കെട്ടിട നമ്പർ	ആകെ തറ വിസ്തീർണ്ണം (ച.മീ.)
45-55	സെക്രട്ടറി, പാപ്പിനിശ്ശേരി പവർലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ വർക്ക്ഷോപ്പ് കോ ഓപറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്	16/608 B,C,D,E,F,G,H,I,J,K	419.775ച.മീ. (Except 608A-284.85ച.മീ.)
274-278	സെക്രട്ടറി, പാപ്പിനിശ്ശേരി പവർലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ വർക്ക്ഷോപ്പ് കോ ഓപറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്	16/608L,M,N,O,P	419.78 ച.മീ.
61-69	അതിയടത്ത് പുത്തൻവീട്ടിൽ പ്രേമരാജൻ	20/37A,B,C,D,E,F,G,H,I	267 ച.മീ.
209-212	പ്രേമ രവീന്ദ്രൻ, കുറുവായിക്കണ്ടി	16/182 C,D,E,F	302.52 ച.മീ.

മേൽ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (16/27.06.24) പരിശോധിച്ച് വിശദീകരണം അറിയിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. 250 ച.മീറ്ററിന് മുകളിലുള്ള മേൽത്തരം തറനിർമ്മിതിയുള്ള വാണിജ്യ കെട്ടിടങ്ങളെ 250 ച.മീറ്ററിന് താഴെയുള്ള സബ്ഡിവിഷൻസ് ആയി തിരിച്ച് നമ്പർ നൽകുമ്പോൾ തറനിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% വർദ്ധനവ് ഈടാക്കുന്നതിന് സഞ്ചയ സോഫ്റ്റ്വെയറിൽ നിലവിൽ ഓപ്ഷൻ ഇല്ലാത്ത ഈ വിഷയം ഐ.കെ.എം. ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും അപാകത പരിഹരിക്കേണ്ടതുമാണ്.

1-12 ഐ.കെ.എം. വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. ₹ 1,14,895 യുടെ ചെലവ് തടസപ്പെടുത്തുന്നു.

2023-24 വർഷത്തിൽ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ രണ്ടു പ്രോജക്ടുകളുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ കേരള മിഷന് ₹ 1,14,895 നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	2/24	192/24
പ്രോജക്ടിന്റെ പേര്	ഐ.കെ.എം. വിഹിതംഅടവാക്കൽ	ഐ.കെ.എം. വിഹിതം ബാക്കി തുക നൽകൽ
അടങ്കൽ	₹ 100000വികസന ഫണ്ട്, പൊതു വിഭാഗം	₹14895വികസന ഫണ്ട്, പൊതു വിഭാഗം
ചെലവ്	₹100000	₹14895
ബിൽ നമ്പർ, തീയ്യതി, തുക	3/2-05-2023	229/23-11-2023

മേൽ സൂചിപ്പിച്ച തുകകൾ ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ടെങ്കിലും ഐ.കെ.എം ന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (എൻകവയറി നമ്പർ-4/22-06-2024) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയത്. വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ ₹1,14,895 യുടെ ചെലവ് തടസപ്പെടുത്തുന്നു.

1-13 എ.ബി.സി. പദ്ധതി വിശദാംശങ്ങൾ ലഭ്യമല്ല. ₹137144 യുടെ ചെലവ് തടസപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി 2023-24 വർഷത്തിൽ എ.ബി.സി. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് നമ്പർ	38/24	122/24
പ്രോജക്ടിന്റെ പേര്	എ.ബി.സി. പദ്ധതി ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ	എ.ബി.സി. പദ്ധതിക്ക് വിഹിതം നൽകൽ (സ്പിൽ ഓവർ)
അടങ്കൽ	100000 (വികസന ഫണ്ട്)	37144(വികസന ഫണ്ട്)
ചെലവഴിച്ച തുക	100000	37144
ബിൽ നമ്പർ, തീയ്യതി	5/2-05-2023	6/2-5-2023

മേൽ സൂചിപ്പിച്ചതു പ്രകാരമുള്ള തുകകൾ കണ്ണൂർ ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യ പത്രം, പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചതിന്റെ വിവരങ്ങൾ, സ.ഉ(സാധാ)നം.2065/2022/LSGD നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രാമ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടോയെന്നതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (എൻകവയറി നമ്പർ-2/22-06-2024) വിനിയോഗ സാക്ഷ്യപത്രം കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിന്

ഹാജരാക്കുന്നതാണെന്നാണ് മറുപടി ലഭ്യമാക്കിയത്. വിനിയോഗസാക്ഷ്യപത്രത്തിന്റെയും പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങളുടെയും അഭാവത്തിൽ ₹137144 (100000+37144) യുടെ ചെലവ് തടസപ്പെടുത്തുന്നു.

1-14 തെരുവുവിളക്കുകൾക്കാവശ്യമായ ലൈൻ വലിക്കൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ₹680602 യുടെ ചെലവ് തടസപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "തെരുവ് വിളക്കുകൾക്കാവശ്യമായ ലൈൻ വലിക്കൽ" എന്ന പ്രോജക്ടിന്റെ നിർവഹണത്തിനായി ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ 680602 രൂപ കെ.എസ്.ഇ.ബി. പാപ്പിനിശ്ശേരി ഇലക്ട്രിക്കൽ സെക്ഷന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	അടങ്കൽ	നൽകിയ തുക	ബിൽ നമ്പർ, തീയ്യതി
123/24	680602 ധനകാര്യ കമ്മീഷൻ അവാർഡ്	680602	379/1-03-2024

മേൽ പരാമർശിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്ക് (എൻകവയറിനമ്പർ- 3/22-06-2024) പ്രവൃത്തി നടന്നു വരികയാണെന്നും വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യ പത്രം ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ ₹680602 യുടെ ചെലവ് തടസപ്പെടുത്തുന്നു.

1-15 വാഹന ഉപയോഗം- അപാകങ്ങൾ.

പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഓഫീസ് ആവശ്യത്തിനുള്ള KL13 AM 3596 നമ്പർ മഹീന്ദ്ര ബൊലേറോ, ഹരിത കർമ്മ സേനയുടെ ഉപയോഗത്തിനുള്ള KL 13 9540 നമ്പർ ഗ്രഡ്സ് ഓട്ടോ എന്നീ രണ്ട് വാഹനങ്ങളാണുള്ളത്. പഞ്ചായത്തിലെ വാഹന ഉപയോഗവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ ചേർക്കുന്നു.

1) KL 13 AM 3596 നമ്പർ മഹീന്ദ്ര ബൊലേറോയുടെ ഇന്ധന ക്ഷമതാ ടെസ്റ്റ് അവസാനമായി നടത്തിയത് 28-09-2022 തീയ്യതിയിലാണ്. പ്രസ്തുത സാക്ഷ്യ പത്രത്തിന്റെ കാലാവധി ഒരു വർഷം (27-09-2023 വരെ) ആയിരുന്നു. പ്രസ്തുത കാലയളവിനു ശേഷം മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ല. KL 13 9540നമ്പർ ഗ്രഡ്സ് ഓട്ടോയുടെ മൈലേജ് ടെസ്റ്റ് നടത്തിയതായി തെളിയിക്കുന്ന രേഖകളൊന്നും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. മൈലേജ് ടെസ്റ്റ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകവയറിക്കുള്ള (എൻകവയറി നമ്പർ-21/28-06-2024) മറുപടി നൽകി.

2) 30-06-2007ലെ സ.ഉ (എം.എസ്.) 170/07 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് അനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി നിർബന്ധമായും സൂക്ഷിക്കേണ്ടതായ താഴെ ചേർക്കും പ്രകാരമുള്ള രജിസ്റ്ററുകൾ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

(I) റിപ്പയർ രജിസ്റ്റർ

(Ii) സ്റ്റോക്ക് രജിസ്റ്റർ

(Iii) ഫ്യൂവൽ രജിസ്റ്റർ

(IV) ഇന്ധനങ്ങളുടെ ഓർഡർ ബുക്ക്

3) മേൽ പരാമർശിച്ച ഉത്തരവിന്റെ ഖണ്ഡിക 4 അനുസരിച്ച് കസ്റ്റോഡിയൻ ഓഫീസറായ സെക്രട്ടറി ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ വാഹനവുമായി ബന്ധപ്പെട്ട് ചെലവായ തുകയെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ഒരു റിപ്പോർട്ട് സമർപ്പിച്ചിരിക്കേണ്ടതാണ്. പ്രസ്തുത റിപ്പോർട്ടിൽ കഴിഞ്ഞ അർദ്ധ വർഷത്തിൽ വാഹനം ഓടിയ ദൂരം കിലോ മീറ്ററിൽ കാണിച്ചിരിക്കേണ്ടതുമാണ്. എന്നാൽ പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിൽ ഈ നിർദ്ദേശവും പാലിച്ചിട്ടില്ല.

4) 31-03-2006ലെ സ.ഉ. (പി)നമ്പർ-161/2006/ഫിൻ നമ്പർ ഉത്തരവ് പ്രകാരമുള്ള വെഹിക്കിൾ ഹിസ്റ്ററി ബുക്ക് സൂക്ഷിച്ചിട്ടില്ല.

5) ഉത്തരവിന്റെ ഖണ്ഡിക 16 ൽ നിർദ്ദേശിച്ച പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്കിൽ ഇന്ധനം നിറച്ചതിന് ശേഷം ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഈ വ്യവസ്ഥയും പാലിക്കപ്പെട്ടിട്ടില്ല.

6) ലോഗ് ബുക്കിൽ മടക്ക യാത്രയുടെ വിവരം രേഖപ്പെടുത്തുന്നില്ല. പുറപ്പെട്ട് നിശ്ചിത ലക്ഷ്യ സ്ഥാനത്തെത്തിയതിനു ശേഷം പഞ്ചായത്ത് കാര്യാലയത്തിലേക്ക് തിരിച്ചു വന്ന വിവരം രേഖപ്പെടുത്താതെ അടുത്ത യാത്രയുടെ വിവരമാണ് രേഖപ്പെടുത്തുന്നത്. ഈ അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്.

7) പുക പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകങ്ങൾ പരിഹരിക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-16 ലൈബ്രറി സെസ് ഒടുക്കുന്നതിൽ കാല താമസം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന ലൈബ്രറി സെസ് ഓരോ അർദ്ധ വർഷവും അവസാനിച്ച് 30 ദിവസത്തിനകം ലൈബ്രറി കൌൺസിലിൽ ഒടുക്കണമെന്ന നിർദ്ദേശം (സർക്കുലർ നമ്പർ 17263/എൽ.3/ത.സ്വ.ഭ.വ/29-12-2000) ഗ്രാമ പഞ്ചായത്ത് പാലിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അർദ്ധ വർഷം	വൗച്ചർ നമ്പർ, തീയ്യതി,തുക
2022-23 രണ്ടാം അർദ്ധ വർഷം	22300518/08-08-2023, ₹269763
2023-24ഒന്നാം അർദ്ധ വർഷം	22301025/28-11-2023, ₹93867

ഭാവിയിൽ യഥാ സമയം തുക ഒടുക്കുവാൻ ശ്രദ്ധിക്കുന്നതാണെന്ന് ഇത് സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകുയറിക്കുള്ള (എൻകുയറി നമ്പർ-8/25-06-2024) മറുപടിയിൽ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ലൈബ്രറി സെസ് യഥാ സമയം ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 അംഗനവാടി നഴ്സറി കലോത്സവം മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചു.41550 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ
പ്രൊജക്ട് നമ്പർ/പേര്	164/24, അംഗനവാടി നഴ്സറി കലോത്സവം
അടങ്കൽ	₹75000 തനത്ഫണ്ട്

ചെലവ്	₹56550
ബിൽ നമ്പർ/തീയതി (ACR പ്രകാരം)	281/20.12.23

അംഗനവാടി നഴ്സറി കുട്ടികളുടെ കലാകായിക കഴിവുകൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. 28.05.2022 ലെ സ.ഉ(കൈ) നം 115/2022 തസ്വഭവ ഖണ്ഡിക 7.5.1 പ്രകാരം അംഗനവാടി കുട്ടികളുടെ കലാകായിക മത്സരങ്ങൾക്ക് റിഫ്രഷ്മെന്റ്, ഭക്ഷണം, സമ്മാനങ്ങൾ പ്രോത്സാഹന സമ്മാനങ്ങൾ മറ്റ് ചെലവുകൾ ഉൾപ്പെടെ 15000 രൂപ മാത്രമാണ് പരമാവധി ചെലവഴിക്കാവു എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രോജക്ടിനായി 56550 രൂപ ചെലവഴിച്ചിട്ടുണ്ട്. (ബാനർ – 750, സമ്മാനം – 5250, പ്രോത്സാഹന സമ്മാനം -7750, ലൈറ്റ് &സൗണ്ട് ജനറേറ്റർ- 12000, ചായ ലഘുഭക്ഷണം- 10400, ഉച്ചഭക്ഷണം -10400, സ്റ്റേജ് കർട്ടൻ കസേര – 10000). മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചതിനേക്കാൾ 41550/- രൂപ (56550 – 15000) അധികം ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖയിൽ നിഷ്കർച്ചതിനേക്കാൾ അധികം തുക ചെലവഴിച്ചതിനുള്ള കാരണം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകുയറിക്ക്(ഓഡിറ്റ് എൻകുയറി നം.18/27.06.24) പ്രസ്തുത പ്രോജക്ട് വളരെ നല്ല രീതിയിൽ നടത്തിയതാണെന്നും മാർഗ്ഗരേഖയിൽ നിഷ്കർഷിച്ച 15000 രൂപ തികയാതെ വന്നപ്പോൾ ഭരണ സമിതിയുടെ തീരുമാനപ്രകാരമാണ് (തീരുമാനം നം. 17/12-07-2023) തനത് ഫണ്ടിൽ നിന്നും അധിക തുക ചെലവഴിച്ചിട്ടുള്ളതെന്നും തുടർന്നുള്ള പദ്ധതി പ്രവർത്തനം മാർഗ്ഗരേഖയ്ക്കനുസരിച്ച് മാത്രം ചെയ്യുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ 41550 രൂപയുടെ (56550-15000) ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും _ ബത്തയും-ഗുണഭോക്താവിന് അർഹമായ തുക ലഭ്യമായിട്ടില്ല. _

നിർവ്വഹണഉദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ
പ്രൊജക്ട് നമ്പർ/പേര്	70/24, ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്
അടങ്കൽ	₹1300000 വികസനഫണ്ട് ₹315000 തനത്ഫണ്ട് ₹700000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹ 235000 ജില്ലാപഞ്ചായത്ത് വിഹിതം ആകെഃ ₹2550000
ചെലവ്	₹848400 വികസനഫണ്ട് ₹22800 തനത്ഫണ്ട് ₹338800 ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹ 235000 ജില്ലാപഞ്ചായത്ത് വിഹിതം ആകെ- ₹1445000
ബിൽ നമ്പർ/ തീയതി/തുക	217/13.11.2023/₹848400 471/23.03.2024/₹22800 23190152012700988059/27.12.23/₹338800 23190152012700783939/13.11.2023/₹ 235000

28.05.2022 തീയതിയിലെ സ.ഉ (കൈ) നം.115/2022 തസ്വഭവ യിലെ ഖണ്ഡിക 7.1.6(ബി) പ്രകാരം

മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം പരമാവധി 28500 രൂപ സ്കോളർഷിപ്പിന് അർഹരാണ്. എന്നാൽ ഇ.എം.എസ് ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, പാപ്പിനിശ്ശേരിയിൽ പഠിക്കുന്ന അർജ്ജുൻ സുരേഷ് എന്ന വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ് വകയിൽ 22500 രൂപ മാത്രമാണ് നൽകിയിട്ടുള്ളത്. (2023-24 സാമ്പത്തിക വർഷം 17500, 2024-25 സാമ്പത്തിക വർഷം 5000). പ്രസ്തുത വിദ്യാർത്ഥിക്ക് അർഹമായ സ്കോളർഷിപ്പ് തുക അനുവദിച്ചിട്ടില്ല. ആയതിന്റെ കാരണം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകുയറിക്ക്(ഓഡിറ്റ് എൻകുയറി നം.20/28.06.24) മറുപടിയായി സ്കോളർഷിപ്പ് ഇനത്തിൽ കുറവ് വന്ന തുക അടുത്ത സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്ന തുകയുടെ കൂടെ കൂട്ടി നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് അർഹമായ സ്കോളർഷിപ്പ് തുക ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-19 പെയിൻ&പാലിയേറ്റീവ് കെയർ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല-₹94391യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.
പ്രോജക്ട് നമ്പർ / പേര്	31/24 പെയിൻ&പാലിയേറ്റീവ് കെയർ പദ്ധതി
അടങ്കൽ	₹600000 വികസന ഫണ്ട് – പൊതു വിഭാഗം ₹150000 ബ്ലോക്ക്പഞ്ചായത്ത് വിഹിതം ₹150000 ജില്ലാപഞ്ചായത്ത് വിഹിതം ആകെ:₹900000
ചെലവ്	₹546942 വികസന ഫണ്ട് – പൊതു വിഭാഗം ₹149994 ബ്ലോക്ക്പഞ്ചായത്ത് വിഹിതം ₹149999 ജില്ലാപഞ്ചായത്ത് വിഹിതം ആകെ:₹846935

മേൽ പ്രോജക്ടിന്റെ ഭാഗമായ സ്വാന്തന പരിചരണ പ്രവർത്തനങ്ങൾക്കായി മരുന്ന് വാങ്ങുന്നതിനായി ₹366713 താഴെ പറയുന്ന ബില്ലുകൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ (KMSCL) അക്കൗണ്ടിലേക്ക് മുൻകൂറായി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ 272322 രൂപയുടെ മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ടാക്സ് ഇൻവോയിസ് നമ്പർ	വൗച്ചർ നമ്പർ. തീയതി	തുക	ലഭ്യമായ മരുന്നിന്റെ വില	ലഭ്യമാവാനുള്ള മരുന്നിന്റെ വില

1	PRF 409	7/05-07-2023	87720	69051	18669
2	PRF 502	10/20-07-2023	75694	44065	31629
3	PRF 1100	25/15-01-2023	149999	145508	4491
4	PRF 3899	60//28-03-2023	53300	13698	39602
		ആകെ	366713	272322	94391

മുഴുവൻ മരുന്നുകളും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (23/28-06-2024) മരുന്ന് ഇനിയും ലഭ്യമാവാനുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയിട്ടുണ്ട്.

മുൻകൂറായി തുക നല്കിയിട്ടും 94391 രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമായിട്ടില്ല. ആയതിനാൽ ലഭ്യമാവാനുള്ള മരുന്നിന്റെ വിലയായ ₹94391യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-20 കോവിഡ് പ്രതിരോധ പരിരക്ഷ-മെഡിക്കൽ ഉപകരണങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല

കോവിഡ് പ്രതിരോധ പരിരക്ഷയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങിയിട്ടുള്ള മെഡിക്കൽ ഉപകരണങ്ങളുടെ കണക്ക് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ ശേഖരിക്കേണ്ടതും ഇപ്പോൾ ഉപയോഗപ്രദമായതിന്റേയും ഉപയോഗശൂന്യമായതിന്റേയും കണക്ക് പ്രത്യേകമെടുത്ത് സൂക്ഷിക്കേണ്ടതുമാണ് എന്നും, ഉപയോഗപ്രദമായവ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ ആരോഗ്യസ്ഥാപനത്തിന് നല്കേണ്ടതും പാലിയേറ്റീവ് പ്രവർത്തനത്തിന് ഉപയോഗിക്കാവുന്നവ പാലിയേറ്റീവ് പ്രവർത്തനത്തിനായി ഉപയോഗിക്കേണ്ടതുമാണ് എന്നും തദ്ദേശഭരണ വകുപ്പിന്റെ 17-03-2023ലെ 93/ഡി.സി.1/2023/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. സർക്കുലർ നിർദ്ദേശ പ്രകാരം മെഡിക്കൽ ഉപകരണങ്ങളുടെ കണക്ക് എടുത്തിട്ടുണ്ടോ എന്നും നിലവിൽ ഈ ഉപകരണങ്ങൾ ഉപയോഗിക്കപ്പെടുന്നുണ്ടോ എന്നും അറിയിക്കണമെന്ന് ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ (സി.എച്ച്.സി), ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് നല്കിയ ഓഡിറ്റ് എൻകുയറിക്ക് (22/28-06-2024) മറുപടി നല്കിയിട്ടില്ല. മേൽ സർക്കുലർ നിർദ്ദേശം പാലിച്ച് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ്.

1-21 ലൈഫ് ഭവനനിർമ്മാണം-മുൻകൂർ തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.-

ലൈഫ് ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ഗുണഭോക്തൃ രജിസ്റ്ററിന്റെ പരിശോധനയിൽ താഴെക്കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റിയിട്ടും നാളിതുവരെയായി ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല എന്ന് വ്യക്തമാകുന്നുണ്ട്.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	നാളിതുവരെ കൈപ്പറ്റിയ തുക	ആകെ കൈപ്പറ്റിയ തുക	ഗുണഭോക്തൃ രജിസ്റ്ററിലെ പേജ് നം.	റിമാർക്സ്
1	വത്സല കെ.	40,000/17.2.22	2,00,000	64	ലൈഫ്

					SC ഗുണഭോക്താവ് 2020
		1,60,000/6.12.22			
2	സത്യനാഥൻ കെ.	40,000/30.01.23 1,00,000/30.03.23	1,40,000	86	SC-Additional (Project No.4/22)

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻകവയറിക്ക് (നം.10/26.06.24) ക്രമ നം.1 വീട് നിർമ്മാണം ബേസ്മെന്റ് വരെയും ക്രമ നം.2 ലിന്റൽ വരെയും പൂർത്തിയായിട്ടുണ്ടെന്ന മറുപടി നൽകിയിട്ടുണ്ട്. ഭവന നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 അസി. എഞ്ചിനീയറുടെ കാര്യാലയത്തിലേക്കു വാഹനം വാടകക്ക് എടുക്കൽ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ, പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്ത്
പ്രോജക്ട് നമ്പർ/പേര്	111/24 അസി. എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് വാഹനം വാടകക്ക് എടുക്കൽ
അടങ്കൽ	₹360,000 (തനതു ഫണ്ട്)
ചെലവ്	₹ 213500
ബിൽ നമ്പർ/തീയതി/തുക	174/04-11-2023 / ₹30500 156/07-10-2023 / ₹30500 249/07-12-2023 / ₹30500 294/01-01-2024 / ₹30500 338/03-02-2024 / ₹30500 384/02-03-2024 / ₹30500 581/31-03-2024 / 30500
കരാറുകാരൻ	ഷീബ രമേശൻ

മേൽ പ്രോജക്ട് നടപ്പിലാക്കിയതിലെ ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

1) ടെൻഡറിൽ പങ്കെടുത്തത് ഷീബ രമേശൻ എന്ന വ്യക്തിയാണ്. എന്നാൽ കരാർ ഒപ്പിട്ടിരിക്കുന്നത് കെ.വി രമേശൻ എന്നയാളാണ്. കെ.വി രമേശൻ എന്ന വ്യക്തി കരാറിൽ ഏർപ്പെട്ട മുദ്രപത്രം വാങ്ങിയിരിക്കുന്നത് ഷീബ രമേശൻ എന്ന വ്യക്തിയുടെ പേരിലാണ് .

2) വാഹനവുമായി ബന്ധപ്പെട്ട നിയമപരവും അല്ലാത്തതുമായ എല്ലാ കാര്യങ്ങളും, ചെയ്യു കാണുന്നത് കെ.വി.

രമേശൻ എന്നയാളാണ്. എന്നാൽ ഇങ്ങിനെ ചെയ്യുന്നതിനുള്ള വാഹന ഉടമയുടെ പവർ ഓഫ് അറ്റോർണി ഫയലിൽ ലഭ്യമല്ല .

3) കെ വി രമേശൻ അസി എഞ്ചിനീയറുമായി ഏർപ്പെട്ട കരാറിൽ പാരാ 9 ൽ " ഷീബ രമേശൻ എന്ന ഞാൻ KL 13 AP 2220 എന്ന നമ്പറിലുള്ള ബലെനോ കാർ എന്റെ സ്വന്തം താല്പര്യപ്രകാരം എന്റെ ഭർത്താവായ രമേശൻ കെ വി എന്നയാൾക്ക് നിരുപാധികം ഉപയോഗിക്കാൻ സമ്മതിച്ചു" എന്ന് കാണുന്നു. കരാറുമായി യാതൊരു ബന്ധവുമില്ലാത്ത ഇത്തരം വാക്യങ്ങൾ കരാറിൽ മറ്റൊരാളുടെ പേരിൽ എഴുതിയത് എങ്ങിനെയെന്ന് വ്യക്തമല്ല .

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ 6/26-06-2024) നൽകിയ മറുപടിയിൽ വാഹന ഉടമയായ ഷീബ രമേശൻ എന്നവരിൽ നിന്നും പവർ ഓഫ് അറ്റോർണി വാങ്ങി സൂക്ഷിക്കാമെന്നു അറിയിച്ചിട്ടുണ്ട്. ആയതു ലഭ്യമാവുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രകാരം നടപടിക്രമങ്ങളിൽ വന്നിട്ടുള്ള തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 നീക്കം ചെയ്യുന്ന വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിലെ അപാകതകൾ

1)ഈച്ചാട്ട താവ അംഗൻവാടി ഇന്റർലോക്ക് - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ/പേര്	177/24. ഈച്ചാട്ട താവ അംഗൻവാടി ഇന്റർലോക്ക്
അടങ്കൽ	200,000 (തനതു ഫണ്ട്)
ചെലവ്	₹ 43540 ബിൽ നമ്പർ 560/30-03-2024
കരാറുകാരൻ	അയൂബ് സി പി

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു

1) ഈ പ്രവൃത്തിക്ക് തനതുഫണ്ടിൽ നിന്നും അടങ്കലായി വകയിരുത്തിയത് 200000 രൂപയാണ്. എന്നാൽ ചെലവ് ചെയ്തിരിക്കുന്നത് 43540 രൂപ മാത്രമാണ്. ചെറിയ തുകകൾ ചെലവ് വരുന്ന ഇത്തരം പ്രവർത്തികൾക്ക് തനതു ഫണ്ടിൽ നിന്നും വലിയ തുകകൾ വകയിരുത്തുന്നത് ആശാസ്യമല്ല. ഇത് തനതു ഫണ്ടുപയോഗിച്ചു നടത്താവുന്ന മറ്റു പദ്ധതികളെ പ്രതികൂലമായി ബാധിക്കുന്നതാണ്. വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെയാണ് പദ്ധതികൾ വിഭാവനം ചെയ്യുന്നത് എന്നാണ് ഇത് കാണിക്കുന്നത്

2) പ്രസ്തുത പ്രവർത്തിയിൽ എം. ബുക്ക് പേജ് നമ്പർ 1 ഇനം നമ്പർ 2 ആയി Taking Out CC Interlocking Paver Blocks From Foot Path/ Central Verge ....50.460 M2 ചെയ്തിട്ടുണ്ട് . ഇതിൽ ഉപയോഗപ്രദമല്ലാത്തവയുടെ അളവ് എത്രയെന്നു രേഖപ്പെടുത്തി എവിടെ സ്റ്റാക്ക് ചെയ്തു എന്ന് വ്യക്തമല്ല.

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നമ്പർ 12/26-06-2024) നൽകിയ മറുപടിയിൽ നീക്കം ചെയ്ത ഇന്റർലോക്കിൽ 26.52m2 ഉപയോഗപ്പെടുത്തി എന്നും ബാക്കി അംഗൻവാടിയുടെ സൈഡ് യാർഡ് നികത്തുന്നതിന് ഉപയോഗിച്ച് എന്നുമാണ് അറിയിച്ചത്. ഭാവിയിൽ ഇത്തരത്തിൽ വസ്തുക്കൾ നീക്കം ചെയ്യുമ്പോൾ കൃത്യമായ അളവ് രേഖപ്പെടുത്തി ആയത് എന്ത് ചെയ്തു എന്ന് എം ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2)ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണി - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ/പേര്	33/24. ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണി
അടങ്കൽ	₹ 300000 (മറ്റുള്ളവ)
ചെലവ്	₹ 216156
ബിൽ നമ്പർ, തീയതി	363/27-02-2024
കരാറുകാരൻ	എൻ.പി. അബ്ദുൾ ഖാദർ

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന ഇനങ്ങളിൽ നീക്കം ചെയ്ത വസ്തുക്കൾ സ്റ്റോക്ക് ചെയ്തതിന്റെയോ അവ ഉപയോഗിച്ചതിന്റെയോ ഉപയോഗപ്രദമല്ലാത്തവ എന്ത് ചെയ്തു എന്നതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

1) M.B Item No. 1. Demolishing Stone Rubble Masonary..... 3.467M^3

2) M.B. Page No. 6. For Thickness Of Tiles 10mm To 20 Mm – Dismantling ...2.720 M^3

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (11/26-06-2024) നൽകിയ മറുപടിയിൽ നീക്കം ചെയ്ത കല്ലുകളിൽ ഉപയോഗയോഗ്യമായവ സെക്രട്ടറിക്ക് കൈമാറുമെന്ന് അറിയിച്ചിട്ടുണ്ട്. ആയതു അളന്നു തിട്ടപ്പെടുത്തി സെക്രട്ടറിക്കു കൈമാറി വിവരം അറിയിക്കേണ്ടതാണ്. പൊളിച്ചുമാറ്റിയ ഉപയോഗപ്രദമല്ലാത്ത ടൈലുകൾ റോഡ്സൈഡിലെ താഴ്ന്ന ഭാഗങ്ങൾ നികത്തുന്നതിന് ഉപയോഗിച്ചുവെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിൽ വസ്തുക്കൾ നീക്കം ചെയ്യുമ്പോൾ കൃത്യമായ അളവ് രേഖപ്പെടുത്തി ആയതു എന്ത് ചെയ്തു എന്ന് എം ബുക്കിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ക്രമ നമ്പർ 1,2 എന്നീ പ്രവൃത്തികളിൽ ഉണ്ടായിട്ടുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 കരാർ വ്യവസ്ഥകൾ, പ്രവർത്തി ദീർഘിപ്പിക്കൽ - അപാകതകൾ

1) യുവധാര പറമ്പിലെ കോട്ടം റോഡ് ടാറിങ്

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ/പേര്	156/24 യുവധാര പറമ്പിലെ കോട്ടം റോഡ്
അടങ്കൽ	₹620000 (തനതു ഫണ്ട്)
ചെലവ്	₹ 532693 ബിൽ നമ്പർ 361/27-02-2024
കരാറുകാരൻ	കൃഷ്ണണ്ണി കെ പി
കരാർ നമ്പർ	07/PPRY/LID&EW/23-24 Dt 28-11-2022
സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി	30-11-2022

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

1) പ്രസ്തുത കരാർ പ്രകാരം കരാർ വച്ച് 10 ദിവസത്തിനകം പ്രവൃത്തി സ്ഥലം ഏറ്റെടുക്കേണ്ടതും ഏറ്റെടുത്ത

തീയ്യതി മുതൽ 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. എന്നാൽ ഫയലിലെ പ്രവൃത്തി പൂർത്തീകരണ റിപ്പോർട്ട് പ്രകാരം പ്രവൃത്തി ആരംഭിച്ചത് 23-05-2023 ന് മാത്രമാണ്.

2) പ്രവൃത്തിയുടെ പ്രവർത്തന കലണ്ടർ ഫയലിൽ ലഭ്യമല്ല

3) പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടില്ല .

4) പ്രവൃത്തിയുടെ LOA പ്രകാരം പ്രവൃത്തി ആരംഭിക്കേണ്ടത് 30-11-2022നാണ്. ഇത് പ്രകാരം പ്രവൃത്തി 15-04-2023ന പൂർത്തിയാക്കണം. എന്നാൽ ഈ പ്രവൃത്തി ആരംഭിക്കുന്നത് തന്നെ 23-05-2023 നാണ്. പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിക്കുന്നത് 16-02-2024 ന് മാത്രമാണ്.

5) പ്രവൃത്തിയുടെ കാലാവധി പരമാവധി ദീർഘിപ്പിക്കാവുന്നതു പ്രവൃത്തി കാലാവധിയുടെ 50% മാണ്. ഇത് പാലിച്ചിട്ടില്ല. (See Section 2112, PWD Manual – Extension Of Time)

ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 17/27-06-2024) നൽകിയ മറുപടിയിൽ മേൽ ക്രമ നമ്പർ 1 ന നൽകിയ മറുപടി തൃപ്തികരമല്ല. കരാറുകാരൻ സൈറ്റ് ഏറ്റെടുത്ത് മെറ്റീരിയൽ സ്റ്റാക്കിംഗ് ചെയ്ത എന്ന് മാത്രമാണ് പറയുന്നത്. എഗ്രിമെന്റ് ലംഘിച്ചതിനെക്കുറിച്ച് പറയുന്നില്ല. സൈറ്റ് ഏറ്റെടുത്ത് മെറ്റീരിയൽ സ്റ്റാക്ക് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ക്രമ നമ്പർ 2, 3 എന്നിവയിലെ പരാമർശങ്ങൾ പ്രകാരമുള്ള അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കേണ്ടതാണ്. ക്രമ നം.5 - ഫൈൻ ഈടാക്കിയിട്ടുണ്ടെങ്കിലും കാലാവധി ദീർഘിപ്പിച്ചു നൽകിയത് ക്രമപ്രകാരമല്ല. അപാകതകൾ ഭാവിയിൽ പരിഹരിക്കേണ്ടതാണ്

2) കാടഞ്ചേരി ധർമ്മകിണർ റോഡ് കോൺക്രീറ്റ്

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ/ പേര്	157/24 കാടഞ്ചേരി ധർമ്മകിണർ റോഡ് കോൺക്രീറ്റ്
അടങ്കൽ	₹541350 (തനതു ഫണ്ട്)
ചെലവ്	₹ 508670 ബിൽ നമ്പർ 130/02-09-2023
കരാറുകാരൻ	അബൂബക്കർ സിദ്ധിഖ്
കരാർ നമ്പർ	28/PPRY/LID&EW/22-23/03-02-2023
സൈറ്റ് ഹാന്റ് ഓവർ ചെയ്ത തീയതി	13-02-2023

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു

1) പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയ്യതി എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടില്ല .

2) പ്രസ്തുത പ്രവൃത്തി LOA പ്രകാരം 02-06-2023 നാണു പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ പ്രതികൂല സാഹചര്യങ്ങളാൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ പ്രവൃത്തി കാലാവധി ദീർഘിപ്പിക്കുന്നതിനു കരാറുകാരന്റെ അപേക്ഷ പ്രകാരം (തീയതി/നമ്പർ ഇല്ല) ഭരണസമിതിയുടെ 1/114/23 Dt 17-06-2023 തീരുമാനപ്രകാരം 30-08-2023 വരെ പിഴ കൂടാതെ പ്രവൃത്തി കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട് . കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി പൂർത്തീകരണ കാലാവധി പിഴ കൂടാതെ

ദീർഘിപ്പിക്കുമ്പോൾ കാലാവധിയുടെ 25% മാത്രമേ ദീർഘിപ്പിച്ചു നൽകാവൂ. ഇതുപ്രകാരം 27-07-2023 വരെ മാത്രമേ കാലാവധി ദീർഘിപ്പിച്ചു നൽകാൻ സാധിക്കുകയുള്ളൂ . എന്നാൽ ദീർഘിപ്പിച്ചു നൽകിയത് 30-08-2023 വരെയാണ്. ഇവിടെ കൂടുതൽ കാലം ക്രമപ്രകാരമല്ലാതെ പ്രവൃത്തി കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ടു നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 19/27-06-2024) നൽകിയ മറുപടി തൃപ്തികരമല്ല. അധികം അനുവദിച്ച കാലാവധിക്ക് ഫൈൻ ഈടാക്കേണ്ടതാണ്.

1-25 ആസ്തി പരിപാലനം - കാര്യക്ഷമമാക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 20-01-2017 ലെ ജി.ഒ(ആർ.ടി)166/2017/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം അംഗീകരിച്ച അസറ്റ് മാനേജ്മെന്റ് മാനുവലിലെ ഖണ്ഡിക 2-2ൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും വൈസ് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് തുടങ്ങിയവർ അംഗങ്ങളായും ഒരു അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (14/26-06-2024) അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്.

19-04-2022തീയതിയിലെ സ.ഉ (കൈ) നം.84/2022/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പതിനാലാം പഞ്ചവത്സരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ 6.8 ഖണ്ഡികയിൽ മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കുവാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണപദ്ധതി തയ്യാറാക്കേണ്ടതാണെന്നും, അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തി രജിസ്റ്റർ കൃത്യമായതും കാലികവുമാക്കേണ്ടതും തങ്ങളുടെ ഉടമസ്ഥതയിലുള്ള എല്ലാ ആസ്തികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം ഉറപ്പുവരുത്തേണ്ടതുമാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്, എന്നാൽ മേൽ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി മുഖേന സർവ്വേ നടപടികളും ജി.ഐ.എസ് മാപ്പിങ്ങും പൂർത്തീകരിച്ചിട്ടുണ്ടെന്നും, ആയത് പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (14/26-06-2024) മറുപടി നല്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ ഭൂമിയുടെയും ഭൂനികുതി അടവാക്കിയിട്ടില്ല. അസ്സറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും, ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ ഭൂമിയുടെയും ഭൂനികുതി അടവാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-26 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ സേനയിലൂടെ

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് എ പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നല്കിയ

ഓഡിറ്റ് അന്വേഷണം നമ്പർ 1/22-06-2024 ന് ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് താഴെ ചേർക്കുന്നു.

I ഹരിത കർമ്മ സേന

1) അടിസ്ഥാന വിവരങ്ങൾ

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ ആകെ 20 വാർഡുകളാണ് നിലവിലുള്ളത്. 2011 ലെ സെൻസസ് പ്രകാരം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളും കൂടി ആകെ ജനസംഖ്യ 35134 ആണ്. പഞ്ചായത്തിലെ ആൾ താമസമുള്ള വീടുകളുടെ എണ്ണം 8565 ഉം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം 670 ഉം ആണ്. ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 20 ഹരിത കർമ്മ സേനാംഗങ്ങളിൽ ഒരാൾക്ക് ഒരു വാർഡിന്റെ ചുമതലയാണ് നിലവിൽ നൽകിയിട്ടുള്ളത്.

2) മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി മുൻകൂട്ടി കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മാലിന്യ ശേഖരണം നടത്തി വരുന്നുണ്ട്.

3) മാലിന്യ വേർതിരിവ് പാലിക്കൽ

ശേഖരിച്ച മാലിന്യത്തിന്റെ 50% മാത്രമേ ഉറവിടത്തിൽ നിന്നും വേർതിരിച്ച് ക്രമീകരിക്കാൻ സാധിക്കുന്നുള്ളൂ. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നതിനുള്ള സംവിധാനം ഒരുക്കാൻ സാധിക്കാത്തതിനാൽ ബാക്കി 50% മാലിന്യം എം.സി.എഫിൽ നിന്നാണ് വേർതിരിച്ച് ക്രമീകരിക്കുന്നത്.

4) റീസൈക്ലിംഗ്

ഗ്രാമ പഞ്ചായത്തിലെ 32 പൊതു ഇടങ്ങളിൽ ബോട്ടിൽ ബൂത്ത് സ്ഥാപിച്ച് പ്ലാസ്റ്റിക് ബോട്ടിൽ റീസൈക്കിൾ ചെയ്യുന്നതിലേക്കായി ശേഖരിച്ച് ഏജൻസികൾക്ക് നൽകി വരുന്നുണ്ട്.

5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യ സംസ്കരണ രീതിയെക്കുറിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന് 2023-24 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് ഹരിതസഭ സംഘടിപ്പിക്കുകയും, സ്കൂൾ വിദ്യാർത്ഥികളിൽ മാലിന്യ സംസ്കരണം സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി സ്കൂൾതലത്തിൽ വിദ്യാർത്ഥികളുടെ ഹരിത സഭ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

6) തൊഴിൽ സൃഷ്ടിക്കൽ

മാലിന്യ സംസ്കരണ മേഖലയിൽ 2023-24 വർഷം ആകെ 4800 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഓരോ വാർഡിലും ഓരോ ഹരിത കർമ്മ സേനാംഗത്തെയാണ് നിയോഗിച്ചിട്ടുള്ളത്. അവരുടെ ശരാശരി മാസ വരുമാനം ₹18000 മുതൽ ₹20000 വരെയാണ്. യൂസർ ഫീ കൂടാതെ തരംതിരിച്ച പ്ലാസ്റ്റിക് നല്കിയ ക്ലീൻ കേരള കമ്പനിയിൽ നിന്നും കാർഡ് ബോർഡ് മറ്റുള്ളവ വിൽക്കുന്നത് വഴി പ്രൈവറ്റ് ആയി ഒരു തുകയും ലഭിക്കുന്നുണ്ട്. ഇത് കൂടാതെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ 100 പേരിൽ കൂടുതൽ ആളുകൾ പങ്കെടുക്കുന്ന പരിപാടിയിൽ ഹരിതചട്ടം പാലിക്കുന്നതിന്റെ ഭാഗമായി സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ് മുതലായവ വാടകയ്ക്ക് നൽകുന്നത് മൂലം ആധിക വരുമാനവും ലഭിക്കുന്നുണ്ട്.

7) അടിസ്ഥാനസൗകര്യ വികസനം

ഹരിത കർമ്മ സേന പ്രവർത്തനങ്ങൾക്കായി പാപ്പിനിശ്ശേരി പഞ്ചായത്ത് വാഹനം സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

8) പാരിസ്ഥിതിക ആഘാതം

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നോട്ടീസ് നൽകിയ 45 കേസുകളിലായി ആകെ ₹186100 പിഴയായി 2023-24 സാമ്പത്തിക വർഷം പഞ്ചായത്ത് ഈടാക്കിയിട്ടുണ്ട്.

9) പരിശീലനവും വികസനവും

പ്ലാസ്റ്റിക് മാലിന്യം തരംതിരിക്കൽ സംബന്ധിച്ച് തളിപ്പറമ്പ് കിലയിൽ വച്ച് ഹരിത കർമ്മ സേനാംഗങ്ങൾക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. കൂടാതെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിൽ വെച്ച് നിറവ് എന്ന പേരിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ക്ലാസ്സും ലഭിച്ചിട്ടുണ്ട്.

10) നിയമങ്ങൾ പാലിക്കൽ

നിയമങ്ങൾ പാലിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അപാകങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടില്ല.

11) ഹരിത കർമ്മസേനാംഗങ്ങളുടെ പ്രവർത്തനം വിലയിരുത്തൽ

റിവ്യൂ മീറ്റിംഗ് നടത്തി ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്. പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയും **(MCF)** റിസോഴ്സ് റിക്കവറി ഫെസിലിറ്റിയും **(RRF)**

1) അടിസ്ഥാന വിവരങ്ങൾ

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ ഒരു എം.സി.എഫും, വിവിധ വാർഡുകളിലായി 46 മിനി എം.സി.എഫും സ്ഥാപിച്ചിട്ടുണ്ട്. നിലവിലുള്ള എം.സി.എഫിൽ ബെയിലിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. MCF കെട്ടിടത്തിന്റെ ഏരിയ $87.15m^2$ ആണ്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള തുരുത്തി എന്ന സ്ഥലത്താണ് എം. സി.എഫ് സ്ഥിതി ചെയ്യുന്നത്. പ്രസ്തുത എം.സി.എഫിലേക്ക് മാലിന്യം കൊണ്ടുപോകുന്നതിന് റോഡ് സൗകര്യം നിലവിലുണ്ട്.

2) മാലിന്യ കൈമാറ്റ കാര്യക്ഷമത

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ആർ.ആർ.എഫ്. പ്രവർത്തിക്കുന്നുണ്ടെങ്കിലും നിലവിൽ പാഴ്വസ്തുക്കൾ, എം.സി.എഫിൽ നിന്നും ആർ ആർ എഫിലേക്ക് കൈമാറാതെ ഗ്രാമപഞ്ചായത്ത് നേരിട്ട് ക്ലീൻ കേരള കമ്പനിക്ക് കൈമാറുകയാണ് ചെയ്യുന്നത്.

3) മാലിന്യ സംഭരണ ശേഷി

മാലിന്യം കൈകാര്യം ചെയ്യുന്ന എം.സി.എഫ് സ്ഥിതി ചെയ്യുന്ന സ്ഥലം 15 സെന്റ് വിസ്തൃതിയുള്ള പ്രസ്തുത സ്ഥലത്ത് $87.15m^2$ വിസ്തീർണ്ണം ഉള്ള കെട്ടിടമാണ് നിലവിലുള്ളത്.

അജൈവമാലിന്യങ്ങൾ എം.സി.എഫിൽ തിങ്ങി നിറഞ്ഞ് കെട്ടിക്കിടക്കുന്ന അവസ്ഥയിലാണ് കാണാൻ കഴിഞ്ഞത്. സ്ഥല സൌകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) മാലിന്യം കൈകാര്യം ചെയ്യുന്നതിലെ നടപടിക്രമങ്ങൾ

എംസിഎഫ് കളിൽ മാലിന്യങ്ങൾ നിലവിൽ ആറ് ഇനമായിട്ടാണ് തരംതിരിച്ചിട്ടുള്ളത്. (HM,LD,PP,SLD,PPP,Oil, Paper) തൊഴിലാളികളുടെ സുരക്ഷയ്ക്കുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

5) ശുചിത്വ മാനദണ്ഡങ്ങൾ പാലിക്ക ൽ

തൊഴിലാളികളുടെ സുരക്ഷയ്ക്കായി എം.സി.എഫിൽ First Aid Box, Fire Extinguisher, ക്യാമറ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടോയ്ലറ്റ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്.

6) മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നത്

മാലിന്യം കെട്ടിക്കിടക്കുന്ന അവസ്ഥ ഉണ്ടാകുമ്പോൾ പ്രസ്തുത മാലിന്യം ശേഖരിക്കുന്നതിന് ക്ലീൻ കേരള കമ്പനിക്ക് കത്ത് നൽകാറുണ്ടെന്ന് പഞ്ചായത്ത് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

അപാകങ്ങൾ

മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പൊതുവായ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1) ഗോബർദ്ധൻ മോഡൽ ബയോഗ്യാസ് ബയോഗ്യാസ് പ്ലാന്റ് പ്രവർത്തന ക്ഷമമായിട്ടില്ല **:**
ജൈവമാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം എന്ന നിലയിൽ ശുചിത്വ മിഷന്റെ സാമ്പത്തിക സഹായത്തോടെ

തുരുത്തി മാലിന്യ സംസ്കരണ കേന്ദ്രത്തിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനായുള്ള പ്രോജക്ട് 2017-18 വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിരുന്നു. വിവിധ വർഷങ്ങളിലായി പ്രസ്തുത പദ്ധതിക്കായി വയറിംഗ് ഉൾപ്പെടെ 29,05,736 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. (ഇത് സംബന്ധിച്ച് 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ (ഖ. 1-38) വിശദമായി പരാമർശിച്ചിട്ടുണ്ട്.)

2018-19 സാമ്പത്തിക വർഷം പൂർത്തിയാക്കിയ ഗോബർദ്ധൻ മോഡൽ ബയോഗ്യാസ് പ്ലാന്റ് നിലവിൽ പ്രവർത്തിക്കുന്നില്ല. നിർമ്മാണത്തിലെ പിഴവുകളും ആവശ്യമായ ചാണകത്തിന്റെയും ജൈവമാലിന്യത്തിന്റെയും ലഭ്യതക്കുറവും കാരണമാണ് പ്ലാന്റ് പ്രവർത്തനം നിർത്തിവെച്ചതെന്നാണ് ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളത്.

പ്ലാന്റ് പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. കടകളിലെയും മറ്റ് സ്ഥാപനങ്ങളിലേയും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള സംവിധാനം ഇല്ലാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്.

3. ഹരിതകർമ്മ സേന പ്രവർത്തകർക്ക് ചില വീടുകളിൽ നിന്നും യൂസർ ഫീ നൽകുന്നതിന് വിമുഖത കാണിക്കുന്നുണ്ടെന്നും മഴക്കാലം ആയാൽ പാപ്പിനിശ്ശേരി വെസ്റ്റ് ഭാഗങ്ങളിൽ വെള്ളം കയറുന്നത് കാരണം പ്ലാസ്റ്റിക് മാലിന്യങ്ങൾ നനയാതെ സൂക്ഷിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെന്നും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽപറഞ്ഞ അപാകങ്ങൾ പരിഹരിക്കുന്നതിനും ഗ്രാമപഞ്ചായത്തിലെ മാലിന്യ ശേഖരണ, സംസ്കരണ പ്രവൃത്തികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക

ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും _

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2023-24	22-06-2024, 23-06-2024	കെ.എസ്.എ/കെ.എൻ.ആർ /സി7/1078/2024 തീയതി – 05-09-2024

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ട് നമ്പർ/പേര്	ചെലവ്	ബാലൻസ്
കണ്ണൂർ ജില്ല പഞ്ചായത്ത്	2023-24	46835	58/24 ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ	46835	0
	2023-24	149999	31/24 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി	149999	0
	2023-24	235000	70/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	235000	0
	2023-24	2320000	134/24 ലൈഫ് 2020-ഭവന പദ്ധതി -ജനറൽ	2320000	
	2023-24	830000	27/24 ലൈഫ് 2020 ഭവന പദ്ധതി-പട്ടികജാതി	830000	
	2023-24	540000	133/24 ലൈഫ് 2020-ഭവന നിർമ്മാണം പട്ടികജാതി (പ്രൊജക്ട് നം- 133/24)	540000	
ആകെ		4121834		4121834	
	2023-24	220000	133/24 ലൈഫ് 2020-	220000	

			ഭവന നിർമ്മാണം പട്ടികജാതി		
കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്	2023-24	297502	58/24 ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ	297502	0
	2023-24	297500	69/24 സമഗ്ര നെൽകൃഷി വികസനം	297500	0
	2023-24	149994	31/24 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതി	149994	0
	2023-24	338800	70/24 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	338800	0
	2023-24	40000	132/24 ലൈഫ് ഭവന പദ്ധതി -ജനറൽ	40000	0
	2023-24	100000	135/24 അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി-ഭൂരഹിതഭവനരഹിതർക്ക് ധനസഹായം	100000	0
	2023-24	480000	27/24 ലൈഫ് 2020 ഭവന പദ്ധതി-പട്ടികജാതി	480000	0
ആകെ		1923796		1923796	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രോജക്ട് നമ്പർ/പേര്	ബിൽ നമ്പർ/ തീയതി	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
ജലജീവൻ മിഷൻ	37/24 ജലജീവൻ മിഷന് വിഹിതം നൽകൽ	4/2-5-2023	1000000	1000000	0
കെ.എസ്.ഇ.ബി	123/24 തെരുവ് വിളക്കുകൾക്കാവശ്യമായ	379/01-03-2024	680602	0	680602

	ലൈൻ വലിക്കൽ				

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ 3138690 രൂപ വരവ് വന്നിട്ടുണ്ട്. വായ്പ വരവിന്റേയും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് മിഷൻ ഭവന പദ്ധതി	ലഭ്യമല്ല	3138690	0	1060180		2078510

വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂളിൽ ₹2084122 ലോണിനത്തിൽ തിരിച്ചടക്കാനുള്ള ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ലോൺ തുക ബാങ്കിൽ നിക്ഷേപിച്ച ലൈഫ് ലോൺ തുകയ്ക്ക് ലഭിച്ച പലിശ തുകയായ ₹5612 കൂടി തിരിച്ചടക്കാനുള്ള ബാധ്യതയായി കണക്കാക്കുകയാണ് ചെയ്തിട്ടുള്ളത്. ആയത് തിരുത്തേണ്ടതാണ്.

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	2,50,40,000
തൻവർഷം നിക്ഷേപിച്ച തുക	26,58,355
ആകെ	2,76,98,355
തന്നാണ്ടിൽ പിൻവലിച്ച തുക	10,41,167
വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം	2,66,57,188

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

നിക്ഷേപത്തിന്റെ വിവരം	നിക്ഷേപിച്ച തീയതി	തുക
മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്, 2 ബി ക്ലാസ് ഷെയറുകൾ (സർട്ടിഫിക്കറ്റ്	23.11.2004	20,000

നമ്പർ 205 തീയതി 23.11.2004)		
കണ്ണൂർ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ലിമിറ്റഡ്, 4 ഡി ക്ലാസ് ഷെയറുകൾ, സർട്ടിഫിക്കറ്റ് നമ്പർ 15 തീയതി 19.06.2015	19.06.2015	20,000
പാപ്പിനിശ്ശേരി കോ-ഓപ്പ് റൂറൽ ബാങ്ക് (23 മാസം, 8.25% പലിശ)	0202111421611, തീയതി06.10.2023	1,00,00,000
പാപ്പിനിശ്ശേരി കോ-ഓപ്പ് റൂറൽ ബാങ്ക് (23 മാസം, 8.25% പലിശ)	0202111421674, തീയതി 30.10.2023	84,70,313
പാപ്പിനിശ്ശേരി കോ-ഓപ്പ് റൂറൽ ബാങ്ക് (12 മാസം, 8.25% പലിശ)	0802011205047, തീയതി 08.11.2023	56,46,875
പാപ്പിനിശ്ശേരി കോ-ഓപ്പ് റൂറൽ ബാങ്ക് (12 മാസം 8.25% പലിശ)	0802011205383, തീയതി 30.03.24	10,00,000
കേരള ഗ്രാമീൺ ബാങ്ക് (1 വർഷം 6.25% പലിശ)	1068747, തീയതി 28.03.24	15,00,000
		26657188

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹43969 യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം / ഖണ്ഡിക	ഈടാക്കിയ തുക ₹	ഒടുക്കിയ ആളുടെ പേർ, ഉദ്യോഗപ്പേര്	രശീത് നമ്പർ തീയ്യതി
2021-22	1/33	3370	മുഹമ്മദ് റാഷിദ്.പി	1230200399/ 08.05.23
2021-22	1/31	2994	മുഹമ്മദ് റാഷിദ്.പി	1230200400/ 08.05.23
2021-22	1/32	6345	മാർജാൻ വി കെ	1230200480/ 11.05.23
2021-22	1/30	2420	നിധീഷ് പി	1230200727/ 27.05.23
2021-22	1/22	18840	തീരമൈത്രി സൂപ്പർ മാർക്കറ്റ്	1230201952/ 19.08.23
2021-22	1/17	10000	അയന കെ	1230206337/ 21.02.24

ആകെ	43969		

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നമ്പർ	ഓഡിറ്റ് റിപ്പോർട്ട് വർഷം,	ഖണ്ഡിക നമ്പർ	പരാമർശ വിഷയം	നിലവിലെ സ്ഥിതി
2014-15	2-1	2016-17	അനുബന്ധം-4	തൊഴിൽ നികുതി	പരാമർശം നിലനിൽക്കുന്നു
2014-15	2-2	2016-17	അനുബന്ധം	വസ്തു നികുതി പിരിച്ചെടുത്തിട്ടില്ല.	പരാമർശം നിലനിൽക്കുന്നു
2016-17	2-5	2017-18	1.13.8	വസ്തു നികുതി 1369243 രൂപയുടെ കുടിശിക ധനകാര്യ പത്രികയിൽ നിന്ന് ഒഴിവാക്കി	പരാമർശം നിലനിൽക്കുന്നു
2019-20	1-14	2020-21	അനുബന്ധം 1, പേജ് 347	മരണശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തത്	പരാമർശം നിലനിൽക്കുന്നു

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	64033343
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	55514298
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	: 1068582

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും
1-12	114895	ശ്രീ. പ്രീജിത്ത്. എൻ, സെക്രട്ടറി
1-13	137144	ശ്രീ. പ്രീജിത്ത്. എൻ, സെക്രട്ടറി
1-14	680602	ശ്രീ. പ്രീജിത്ത്. എൻ, സെക്രട്ടറി
1-17	41550	ശ്രീമതി. റംല കാക്കുമ്പ്രത്ത് ഐ.സി.ഡി.എസ് സൂപ്പർവൈസർ
1-19	94391	ഡോ. അനീഷ് ബാബു. ടി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി
	1068582	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. പ്രീജിത്ത്. എൻ, സെക്രട്ടറി	സെക്രട്ടറി പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് പി. ഒ പാപ്പിനിശ്ശേരി പിൻ-670561	ഗസറ്റഡ് കവാർട്ടേഴ്സ് നം-70 പി. ഒ പളളിക്കുന്ന് കണ്ണൂർ
ശ്രീമതി. റംല കാക്കുമ്പ്രത്ത് ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐ.സി.ഡി.എസ് സൂപ്പർവൈസർ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് പി. ഒ പാപ്പിനിശ്ശേരി പിൻ- 670561	കാക്കുംമ്പ്രത്ത് ഇഖ്റ വില്ല, പി. ഒ എളമ്പാറ, കണ്ണൂർ പിൻ- 670595

ഡോ. അനീഷ് ബാബു. ടി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി	മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത്സെൻറർ പി. ഒ പാപ്പിനിശ്ശേരി പിൻ-670561	ദേവരാഗം എടചൊവ്വ ചൊവ്വ കണ്ണൂർ – 67006

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1999-00	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	1
2000-01(പ്ലാൻ)	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	3
2001-02(പ്ലാൻ)	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	2
2002-03	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	9
2004-05	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	3
2005-06	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	2
2006-07	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	1
2007-08	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	1
2009-10	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	2

2010-11,2011-12	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	6
2012-13, 2013-14	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	8
2014-15	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	2
2015-16	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	2
2016-17	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	3
2017-18	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	5
2018-19	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1373/2022 തീയതി 22-09-2022	2
2019-20	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/ 421/2022 തീയതി 19.12.22	6
2020-21	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/ 957/2022 തീയതി 01.04.2023	16
2021-22	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/343/2023 തീയതി 24.03.2023	23
2022-23	നംകെ.എസ്.എ/കെ.എൻ.ആർ /സി.5/1765/2023(1) തീയതി 06.03.2024	36

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 89/2024 dated 1 dated 29-05-2024 and submitted on 01-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Pappinisseri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Pappinissery Grama Panchayat as on 31-03-2024

Date: 05/09/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Pappinisseri Grama Panchayat for the Year 2023-2024.

1.Major Observations

Nil

2.Other Observations

1. Asset Register is incomplete.
2. Cash Flow statement -Net increase/decrease in cash flow does not match with
difference between opening balance and closing balance of cash and cash equivalents.
3. Comparative Figures of previous year were not included in the AFS

4. Amount given to KSEB for execution of deposit work which are not adjusted
till 31-03-2024 & not shown in B-18 Schedule of the Balance Sheet
5. Basic Ratios were not included with the AFS
6. The Loan Amount in B-5 Schedule does not match with the Loan Register
7. The AFS, submitted in AIMS is differed with ILGMS and the hard copy submitted for audidt

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം_

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം3-1

RECEIPT & PAYMENT STATEMENT

PAPPINISSERI GRAMA PANCHAYATH
RECEIPT AND PAYMENT STATEMENT
For the period from 01-04-2023 to 31-03-2024

Code	Head Account	Schedule No.	Current Year Amount (Rs.)
Opening Balance			
450000000	Cash and Bank balance	RP-40(a)	45,767,009.00
Receipts			
Operating			
110000000	Tax Revenue	RP-1	1,766,100.00
130000000	Rental Income From Panchayat Properties	RP-3	70,250.00
140000000	Fees & User Charges	RP-4	4,216,175.00
150000000	Sale & Hire Charges	RP-5	299,345.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	16,148,700.00
171000000	Interest Earned	RP-9	1,300,939.00
190000000	Prior Period Income	RP-11	67,941.00
311000000	Earmarked Funds	RP-28	111,751.00
320000000	Grants, Funds & Contributions for Specific Purposes	RP-30	16,992,920.00
431000000	Sundry Debtors (Receivables)	RP-45	17,579,161.00
460000000	Loans, Advances and Deposits	RP-49	4,000.00

Non-Operating			
170000000	Income from Investments	RP-8	1,041,167.00
180000000	Other Income	RP-10	11,930.00
330000000	Secured Loans	RP-31	3,144,302.00
340000000	Deposits Received	RP-33	86,607.00
350000000	Other Liabilities	RP-35	1,192,055.00
	Total :		**109,800,352.00**
Payments			
Operating			
230000000	Operations & Maintenance	RP-14	200,000.00
251000000	Annual Plan - Revenue Expences (Service Sector)	RP-17	50,000.00
431000000	Sundry Debtors (Receivables)	RP-45	543,057.00
460000000	Loans, Advances and Deposits	RP-49	929,000.00
Non-Operating			
340000000	Deposits Received	RP-33	328,789.00
350000000	Other Liabilities	RP-35	53,463,452.00
Closing Balance			
450000000	Cash and Bank balance	RP-40(b)	54,286,054.00
	Total :		**109,800,352.00**

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം 3-2

INCOME & EXPENDITURE STATEMENT

PAPPINISSERI GRAMA PANCHAYATH
INCOME & EXPENDITURE STATEMENT
For the period from 01-04-2023 to 31-03-2024

Code No	Description of items	Schedule No.	Current Year Amount (Rs.)
110000000	Tax Revenue	I-1	10,411,930.00
120000000	Assigned Revenue & Compensation	I-2	0.00
130000000	Rental Income from Panchayat Properties	I-3	969,389.00
140000000	Fees & User Charges	I-4	4,871,675.00
150000000	Sales & Hire Charges	I-5	302,345.00
160000000	Revenue Grants, Contributions & Compensation	I-6	150,178,469.00
170000000	Income from Investments	I-7	2,658,355.00
171000000	Interest Earned	I-8	1,300,939.00
180000000	Other Income	I-9	11,930.00
A	**Total - INCOME**		**170,705,032.00**
210000000	Establishment Expenses	I-10	17,651,258.00
220000000	Administrative Expenses	I-11	2,008,778.00
230000000	Operations & Maintenance	I-12	1,514,693.00
240000000	Interest & Finance Charges	I-13	2,903.00
250000000	Decentralised Plan Programme - Productive Sector	I-14	8,655,683.00
251000000	Decentralised Plan Programme - Service Sector	I-14(A)	46,929,294.00
252000000	Decentralised Plan Programme - Infrastructure Sector	I-14(B)	4,938,743.00
253000000	Decentralised Plan Programme - Projects not included in Sector Division	I-14(C)	16,247,209.00

254000000	Expenditure of Transferred Institutions and State Sponsored Schemes	I-14(D)	62,800,500.00
255000000	Maintenance Projects	I-14(E)	0.00
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	649,264.00
260000000	Grants, Contributions and Compensations from Own Fund	I-15	0.00
270000000	Provisions & Write off	I-16	38,811.00
271000000	Miscellaneous Expenses on Disposal of Assets and Invenstments	I-17	0.00
272000000	Depreciation	I-17(A)	72,220,895.00
B	**B-Total:EXPENDITURE**		**233,658,031.00**
C = A-B	**Gross Surplus / (deficit) of income over expenditure before Prior Period Items.**		**-62,952,999.00**
190000000	Prior period Income	I-19	**268,577.00**
290000000	Prior period Expenses	I-18	**-25,744,092.00**
D	Net Difference	I-19 - I-18	**-25,475,515.00**

E	Gross Surplus / (deficit) of income over expenditure after Prior Period Items.	**-37,477,484.00**
290000000	Transfer to Reverse Funds	
	Net Balance being surplus / deficit carried over to Balance sheet (Panchayat Fund)	
Remarks:		

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം3-3

BALANCE SHEET

Pappinisseri Grama Panchayat Balance Sheet as on 31-03-2024			
Code No	**Description of items**	**Schedule No.**	**Current Year Amount (Rs.)**
310000000	Panchayat (General) Fund	B-1	37,742,537.68
311000000	Earmarked Funds	B-2	10,501.00
312000000	Reserves	B-3	61,019,505.00
320000000	Grants, Funds and Contributions for specific purposes	B-4	11,102,244.00
330000000	Secured Loans	B-5	2,084,122.00
331000000	Unsecured Loans	B-6	0.00
340000000	Deposits Received	B-7	878,922.00
341000000	Deposit works	B-8	0.00
350000000	Other Liabilities	B-9	2,396,792.32
360000000	Provisions	B-10	0.00
	Total :		**115,234,624.00**
410000000	Fixed Assets	B-11	0.00
412000000	Capital Work-in-Progress	B-11(b)	0.00
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	1,157,076.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	30,117,545.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	113,682,280.00
416000000	Accumulated Depreciation	B-11(a)	-112,568,932.00
420000000	Investment –General Fund	B-12	26,657,188.00
421000000	Sundry Debtors #	B-13	0.00
430000000	Stock in Hand (Inventories)	B-14	0.00
431000000	Sundry Debtors (Receivables)	B-15	587,161.00

432000000	Accumulated provision against bad and doubtful (Receivables)	B-15(a)	0.00
440000000	Pre-paid Expenses	B-16	0.00
450000000	Cash and Bank Balance	B-17	54,286,054.00
460000000	Loans, advances and deposits	B-18	1,316,252.00
461000000	Accumulated provision against Loans, Advances and Deposits	B-18(a)	0.00
470000000	Other Assets	B-19	0.00
480000000	Miscellaneous Expenditure to be written off	B-20	0.00
	Total :		**115,234,624.00**

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.